മണ്ണ് വീണ് തകർന്നുകിടക്കുന്നതിന്റെ ഫലമായി അവിടെ വരാനുദ്ദേശിച്ച കപ്പൽ വരാൻ സാധിക്കാതെ ദൂരെ നിൽക്കുന്നു. ഇതിനെല്ലാം അടിയന്തിരമായ പരിഹാരം ഉണ്ടാക്കാമോ?

ശ്രീ. കെ. ശിവദാസൻ: മഴക്കാലം കഴിയുമ്പോഴാണ് ഡ്രഡ്ജിംഗ് ആരംഭിക്കുന്നത്. ഉടനെതന്നെ 'മീന' ഉപയോഗിച്ച് ചാല് ഉണ്ടാക്കുന്നതാണ്. കോൺട്രാക്ടറുടെ പേരിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടോയെന്നുള്ളത് മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതാണ്.

(2) എറണാകുളം പട്ടണത്തിലെ തോപ്പുംപടി, വെണ്ടുരുത്തി പാലങ്ങൾ പുതുക്കി പണിയേണ്ടതിന്റെയും ലിങ്ക് റോഡുകൾ നിർമ്മിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. എ.സി. ജോസ്: സർ, കേരളത്തിന്റെ വ്യാവസായിക തലസ്ഥാനവും അറബിക്കടലിന്റെ റാണിയുമായ കൊച്ചി തുറമുഖവും പട്ടണവും കുത്തുപാളയുമായി നിൽക്കുന്ന ഒരു പിച്ചക്കാരിയുടെ സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. അവഗണന, അവഗണന മാത്രമായി കൊച്ചി പട്ടണത്തിന്റെ ഹൃദയ ഭാഗമായ എറണാകുളം പട്ടണം ഇന്ന് വളർച്ച മുട്ടി നിൽക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പൊതു മരാമത്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. എറണാകുളത്തെ ബാഹ്യ ലോകവുമായി ബന്ധിപ്പിക്കുന്ന രണ്ടു പാലങ്ങളാണ് തോപ്പുംപടിയും വെണ്ടുരുത്തിയും. ആ രണ്ടു പാലങ്ങളുടെയും കാലാവധി തീർന്ന് പഴകി ദ്രവിച്ച്, എന്നാണ് അത് താഴെ വീഴുകയെന്നുള്ള നിലയിൽ എത്തിയിരിക്കുകയാണ്. ഈ രണ്ടു പാലങ്ങളും മാറ്റി പണിയണമെന്ന് പല ആളുകളും പല പ്രാവശ്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ ഏറ്റവും അവസാനമായി വെണ്ടുരുത്തി പാലത്തിന് സമാന്തരമായി ഒരു പാലം ഉണ്ടാക്കുന്നതിന് നടപടികളും സ്വീകരിച്ച് യു. പി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതേറ്റെടുത്തിരിക്കുകയാണ്. ആ പാലത്തിന്റെ പണി കുറെ നടക്കുന്നുണ്ട്. അതിന്റെ പണി തീരാൻപോകുന്ന ഘട്ടത്തിൽ ലിങ്ക് ബ്രിഡ്ജിന് ആവശ്യമായ ലിങ്ക് റോഡു വേണം. ആ ലിങ്ക് റോഡിന് ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തിട്ടുപോലുമില്ല. സ്ഥലം എടുക്കാത്തതുകൊണ്ട് ഈ പാലത്തിന്റെ പണി തീർന്നാൽ പോലും ആ ലിങ്ക് റോഡ് കണക്ട് ചെയ്യാൻ സാധിക്കില്ല. അക്കാര്യം അറിയാവുന്നതാണ്. ഇപ്പോൾ നാഷണൽ ഹൈവേ ബൈപാസിന്റെ രണ്ടു പാലത്തിന്റെയും പണി പൂർത്തിയായിരിക്കുകയാണ്. അതേയവസരത്തിൽ പൊന്നുരുത്തിയിലുള്ള റെയിൽവേ ഓവർബ്രിഡ്ജിനും രണ്ടുവശത്തുമുള്ള റോഡുകളും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയാത്തതുകൊണ്ട് ആ പ്രദേശത്തെ ബൈപാസ്സും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. അതുകൊണ്ട് കൊച്ചി വിമാനത്താവളത്തിന്റെ കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ല. വിമാനത്താവളം ഇന്ന് ഉപയോഗശൂന്യമായി തീരുകയാണ്. അതിനു വലിയൊരു വിമാനത്താവളമുണ്ടാകണം. അതിനു സ്ഥലം കണ്ടുപിടിക്കണം എന്ന് പല പ്രാവശ്യം ആളുകളും ആവശ്യപ്പെട്ടിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ വ്യക്തമായി ഈ രണ്ടു പാലങ്ങളെക്കുറിച്ചും.

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. വെണ്ടുരുത്തി പാലത്തിന്റെ പണി പകുതിയായിരിക്കുന്ന ഈ അവസരത്തിൽ ഈ പാലത്തിനെങ്കിലും ലിങ്ക് റോഡുണ്ടാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കുകയും അതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുകയും അതോടൊപ്പം തോപ്പുംപടി പാലത്തിന് സമാന്തരമായി വേറൊരു പാലം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്. കൊച്ചി പട്ടണത്തിന്റെ രക്ഷയ്ക്കുവേണ്ടിയും ഈ രണ്ടു പാലങ്ങളുടെ ലിങ്ക് റോഡിനുവേണ്ടിയും അടിയന്തിരമായ നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതു മരാമത്തു വകുപ്പു മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ, മി. സ്പീക്കർ)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, പൊതു മരാമത്തു വകുപ്പിന്റെ പ്രവർത്തനത്തിൽ എറണാകുളം പട്ടണത്തിന് യാതൊരു അവഗണനയും ഉണ്ടായിട്ടില്ല. അങ്ങനെയുണ്ടാകുകയുമില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ രണ്ടു പാലങ്ങളിൽ ഒരു പാലത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റെ പാലത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ചർച്ചചെയ്തു, പ്രാരംഭ നടപടികളും നടന്നുവരികയാണ്. അവിടെ ഒരു പാലം കെട്ടാനുള്ള പ്രൊപ്പോസലുണ്ട്. എങ്കിലും ഇന്നുള്ള പാലത്തിന്റെ സുരക്ഷിതത്വം അനുസ്യൂതമായി പോർട്ട് ട്രസ്റ്റ് പരിശോധിച്ചുവരികയാണ്. ഇപ്പോഴും അവിടെ യാതൊരു ആപൽശങ്കയ്ക്കും ഇട ഇല്ലെന്നു പോർട്ട് ട്രസ്റ്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലിങ്ക് റോഡ് ഉണ്ടാക്കുന്നതിനെ, സംബന്ധിച്ചിടത്തോളം മുപ്പതു കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതിയാണിത്. അതിന്റെ ഒരുഭാഗം സംസ്ഥാന ഗവൺമെന്റും ഒരുഭാഗം കേന്ദ്ര ഗവൺമെന്റും ഒരുഭാഗം പോർട്ട് ട്രസ്റ്റും വഹിക്കുകയെന്നുള്ളതാണ് നിയമം. ഒരുഭാഗത്തുള്ള ലാന്റ് അക്വിസിഷന് എൺപത്തിയാറു ലക്ഷം രൂപ സ്റ്റേറ്റ് ഗവൺമെന്റ് ചെലവഴിച്ച് പൂർത്തിയാക്കിയിരിക്കുകയാണ്. ബാക്കിയുള്ള നടപടികളും വളരെ ത്വരിതഗതിയിൽ നടന്നുവരികയാണ്. അതുകൊണ്ട് പൊതു മരാമത്തു വകുപ്പിന്റെ പ്രവർത്തനംകൊണ്ട് എറണാകുളം പട്ടണത്തിന് അവഗണനയുണ്ടാകുമെന്നുള്ള യാതൊരു ആശങ്കയ്ക്കും അവകാശമില്ല.

ശ്രീ. എ.സി. ജോസ്: കൊച്ചിൻ ബൈപാസ്സിന്റെ രണ്ടു പാലങ്ങളായ കുമ്പളങ്ങി പാലവും അരൂക്കുറ്റി പാലവും ഏതാണ്ട് പണി പൂർത്തിയായി വരികയാണ്. അതേ അവസരത്തിൽ എറണാകുളം പട്ടണത്തിലെ തിരക്ക് കുറയത്തക്ക വിധത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ രണ്ടുവശത്തുമുള്ള റോഡുകളും തുറന്നു കൊടുക്കുകയും ഈ ലിങ്ക് റോഡിന് ആവശ്യമായിട്ടുള്ള ബാക്കി പണികൂടി പൂർത്തിയാക്കുകയും വേണം. കേന്ദ്ര ഗവൺമെന്റ് തരും പോർട്ട് ട്രസ്റ്റ് തരുമെന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. അതിനെല്ലാം മുൻകൈ എടുത്തുകൊണ്ട്, പാലം തീരുന്നതോടൊപ്പംതന്നെ—അല്ലെങ്കിൽ പാലത്തിന്റെ പണി അവിടെ കിടക്കും, ലിങ്ക് റോഡില്ലാതെ വരും. അതുകൊണ്ട് തോപ്പുംപടി പാലത്തിന്റെ പണിക്ക് സ്ഥലമെടുത്ത് നടപടികളും സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: പല ലിങ്ക് റോഡുകളുടെയും വിമാനത്താവളത്തിന്റെയും കാര്യങ്ങളും ഇതിൽ പറയുന്നുണ്ട്. ലിങ്ക് റോഡിന്റെ കാര്യം പൊതു മരാമത്തു വകുപ്പ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly